ഫയൽ നമ്പർ- LSGD/JD/TSR/729/2023-E2 (B8)

**10.05.2024 വെള്ളിയാഴ്ച്ച രാവിലെ 11.00 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ സിറ്റിസൺ അസിസ്റ്റൻസ് സ്ഥിരം അദാലത്ത് ജില്ലാതല സമിതിയുടെ മിനിറ്റ്സ്.**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. ഷഫീക്ക് പി. എം., ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ ( ചെയർമാൻ)
2. രാജീവ് കെ. ആർ, ജില്ലാ ടൗൺ പ്ലാനർ, തൃശ്ശൂർ
3. സ്മിത പി. ജെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ
4. വിധു എ മേനോൻ, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (കൺവീനർ)
5. പി ഉണ്ണികൃഷ്ണൻ, സൂപ്രണ്ട്, തൃശ്ശൂർ കോർപ്പറേഷൻ
6. സബീന സലീം, AE(P) Water Section, തൃശ്ശൂർ കോർപ്പറേഷൻ

**അജണ്ട 1**

ശ്രീ. സെബി ജോർജ്ജ്, ഒലക്കേൻങ്കിൽ വീട്, ബ്രദേഴ്സ് ലൈൻ, എരിഞ്ഞേരി അങ്ങാടി, തൃശ്ശൂർ എന്നവരുടെ പരാതി. ( വസ്തു നികുതി സംബന്ധിച്ച്.)

**തീരുമാനം 1**

മേൽ പരാതി തൃശ്ശൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ടതാണ്. പരാതിക്കാരന്റെ പേരിലുള്ള തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ 35/670 മുതൽ 677 വരെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയിലുണ്ടായ വർദ്ധനവ് സംബന്ധിച്ച പരാതിയാണ്. മേൽ വിഷയത്തിൽ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ കോർപ്പറേഷനിൽ ഉൾപ്പെട്ട 35-ാം ഡിവിഷനിലെ ശ്രീ സെബി ജോർജ്, ഒലക്കേങ്കിൽ ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള 670 മുതൽ 677 വരെയുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളാണ്. ടി കെട്ടിടങ്ങൾക്ക് ആനുവൽ റെന്റൽ വാല്യുവിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.01.2011 ലെ സ.ഉ (അ) നമ്പർ 18/2011/തസ്വഭവ ഉത്തരവ് പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലുള്ള കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06/03/2019 ലെ സ.ഉ (സാധാ) നമ്പർ 540/2019/ തസ്വഭവ ഉത്തരവ് പ്രകാരം ആയതിന് 01/04/2016 മുതൽ പ്രാബല്യം നൽകിയിട്ടുള്ളതുമാണ്. ടി ഉത്തരവ് പ്രകാരം വാണിജ്യ/വ്യവസായ കെട്ടിടങ്ങളുടെ വാർഷിക വസ്തു നികുതി ആദ്യമായി പരിഷ്കരിക്കുകയാണെങ്കിൽ വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100% ൽ അധികരിക്കാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ടി ഉത്തരവുകൾ പ്രകാരം പരാതിക്കാരന്റെ കെട്ടിടങ്ങൾ പരിശോധിച്ചതിൽ ആയത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളാണ്. മാത്രവുമല്ല ടി കെട്ടിടങ്ങളുടെ നികുതി 100% ൽ കൂടുതൽ അധികരിച്ചിട്ടില്ലാത്തതുമാണ്.

ആയതിനാൽ ടി കെട്ടിടങ്ങൾക്ക് ടിയാൻ അടവാക്കിയിട്ടുള്ള വസ്തു നികുതിയും മറ്റ് അനുബന്ധ നികുതികളും കെ-സ്മാർട്ടിൽ എൻടി വരുത്തി അപ്രൂവ് ചെയ്തത് പരാതി പരിഹരിച്ചതിന് ശേഷം ലഭ്യമായിട്ടുള്ള ഡിമാന്റ് നോട്ടീസ് കക്ഷിയ്ക്ക് അയച്ച് നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 35/673, 675, 677 എന്നീ കെട്ടിടങ്ങൾക്ക് അടവാക്കിയിട്ടുള്ള നികുതി അടവാക്കേണ്ട തുകയേക്കാൾ കൂടുതൽ അടവാക്കിയിട്ടുള്ളതിനാൽ ആയത് അടുത്ത വർഷത്തെ നികുതിയിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതും നിലവിൽ ഡിമാന്റ് ഇല്ലാത്തതിനാൽ ഡിമാന്റ് നോട്ടീസ് കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതുമാണ് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കക്ഷി അടവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

35/670- 4045/- (2024-25 II half only)
35/671- 3900/- (2024-25 1 & 11 half)
35/672- 17121/- (2021-22 1 half to 2024-25 II half including interest)
35/673- Excess amount 13305/-
35/674- 3900/- (2024-25 1 & II half)

35/675- Excess amount 1026/-
35/676- 14113/- (2019-20 ll half to 2024-25 ll half)
35/677- Excess amount 2678/-

ആകെ 8 കെട്ടിടങ്ങളുടെ അടവാക്കേണ്ടുന്ന തുകയായ 43,079/-രൂപ അടയ്ക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കക്ഷിക്ക് നൽകിയിട്ടുള്ളതാണെന്നും, കൂടാതെ കെ-സ്മാർട്ടിൽ 5 തവണയായി അടയ്ക്കുന്നതിനുള്ള ഓപ്ഷൻ നിലവിൽ ലഭ്യമല്ലാത്തതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാതിക്കാരൻ പരാതിയോടൊപ്പം സമർപ്പിച്ച ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ 8 കെട്ടിടങ്ങൾക്കായി 1,61,027/- രൂപയുടെ ഡിമാന്റ് നോട്ടീസാണ് തൃശ്ശൂർ കോർപ്പറേഷൻ പരാതിക്കാരന് നൽകിയത്. എന്നാൽ ടി കെട്ടിടങ്ങൾക്ക് ടിയാൻ അടവാക്കിയിട്ടുള്ള വസ്തു നികുതിയും മറ്റ് അനുബന്ധ നികുതികളും കെ-സ്മാർട്ടിൽ എൻട്രി വരുത്തി അപ്രൂവ് ചെയ്തത് പരാതി പരിഹരിച്ചതിന് ശേഷം കോർപ്പറേഷൻ ഹാജരാക്കിയ ഡിമാന്റ് നോട്ടീസ് പരിശോധിച്ചപ്പോൾ 8 കെട്ടിടങ്ങൾക്കായി ആകെ 43,079/-രൂപ മാത്രമാണ് പരാതിക്കാരൻ അടവാക്കാനുള്ളത്. അതിൽ തന്നെ 3 കെട്ടിടങ്ങൾക്ക് കൂടുതൽ തുക അടവാക്കിയിട്ടുള്ളതായും കാണുന്നു. മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. കൂടാതെ ടി പരാതിയിൽ പരാതി പരിഹരിച്ചതിനുശേഷമുള്ള പുതിയ ഡിമാന്റ് നോട്ടീസ് കക്ഷിക്ക് നൽകാനും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

പരാതിയിൽ ഉന്നയിച്ചിരിക്കുന്ന മറ്റ് വിഷയങ്ങൾ 3 വർഷത്തിനു മുകളിലുള്ള നികുതി വാങ്ങുവാൻ പാടില്ല എന്നത് സംബന്ധിച്ചും, കുടിശ്ശിക തുക അടവാക്കുന്നതിന് 5 തവണകൾ അനുവദിക്കണമെന്നും സംബന്ധിച്ചാണ്. 3 വർഷത്തിനു മുകളിലുള്ള നികുതി വാങ്ങുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി നിയമപ്രകാരം നിബന്ധനയില്ല. കൂടാതെ കെ-സ്മാർട്ടിൽ 5 തവണയായി കുടിശ്ശിക അടയ്ക്കുന്നതിനുള്ള ഓപ്ഷൻ നിലവിൽ ലഭ്യമല്ലാത്തതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാതല അദാലത്ത് സമിതിക്ക് നിർവ്വാഹമില്ലാത്തതാണ്. ആയതിനാൽ പരാതിക്കാരന്റെ വസ്തുനികുതിയിലുണ്ടായ പിശക് പരിഹരിച്ച് പുതിയ ഡിമാന്റ് നോട്ടീസും, വിശദവും വ്യക്തവുമായ മറുപടിയും കക്ഷിക്ക് നൽകുന്നതിനും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 2**
ശ്രീ. ഷാജി എ സി, കൃഷ്ണ നിവാസ്, XXVII/495, ZENNANA Mission Road, ചെമ്പൂക്കാവ് എന്നവരുടെ പരാതി. ( വാട്ടർ ബില്ലിൽ അധിക തുക ഈടാക്കിയത് സംബന്ധിച്ച്.)

**തീരുമാനം 2**
മേൽ പരാതി തൃശ്ശൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ടതാണ്. ദ്വൈമാസ വാട്ടർ ബിൽ 100/-രൂപയായിരുന്നത് 22.11.2023 മുതൽ 03.02.2024 വരെയുള്ള കാലയളവിലെ ബിൽ ലഭിച്ചപ്പോൾ 14,700/-രൂപയുടെ ബിൽ ലഭിച്ചു എന്നത് സംബന്ധിച്ച പരാതിയാണ്. മേൽ വിഷയത്തിൽ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

27/495 നമ്പർ കെട്ടിടത്തിലേക്കുള്ള CON NO: 18976 വാട്ടർ കണക്ഷനിൽ സാധാരണയായി 100/-രൂപയാണ് ബിൽ വരാറുള്ളതെന്നും എന്നാൽ 03/02/24 തിയ്യതിയിലെ BILL NO: 61932 പ്രകാരം 11/23 മുതൽ 03/02/24 വരെ കാലയളവിലേക്ക് 14,700/-രൂപയുടെ വാട്ടർ ബിൽ വന്നുവെന്നും, എന്നാൽ ഇത്രയും വെള്ളം ഉപയോഗിക്കുന്നില്ലെന്നും ആയതിനാൽ മീറ്റർ പരിശോധിച്ച് അധിക തുകയിൽ ഇളവ് ചെയ്ത് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടി കക്ഷി കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ പ്ലംബർ സ്ഥലപരിശോധന നടത്തി വാട്ടർ മീറ്റർ പരിശോധിച്ചിട്ടുള്ളതുമാണ്. മീറ്റർ സാധാരണ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്ലംബർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

03/02/24 ലെ ബില്ലിൽ ഒരു മാസത്തേക്ക് 151 KL ഉപയോഗം വന്നിട്ടുള്ളതും ആയതിന് പ്രതിമാസം 4742/-രൂപ വാട്ടർ ചാർജ്ജ് വന്നിട്ടുള്ളതുമാണ്. 11/23 മുതൽ 03/02/24 വരെ കാലയളവിലേക്ക് ((4742*3)+ (4742/30*3)) = 14,700/- രൂപ വാട്ടർ ചാർജ്ജ് വന്നിട്ടുള്ളതാണ്.

റീഡിംഗിനനുസൃതമായ ബില്ലാണ് കണക്ഷനിൽ നൽകിയിരിക്കുന്നത്. മീറ്റർ സാധാരണ രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് പ്ലംബറും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ AIR PROBLEM

കാരണമാകാം ബിൽ കൂടിയതെന്നും ഒരു ലൈസൻസ്ഡ് പ്ലംബർ മുഖേന ഒരു AIR VALVE സ്ഥാപിക്കേണ്ടതാണെന്നും കക്ഷിക്ക് കോർപ്പറേഷനിൽ നിന്നും അറിയിപ്പ് നൽകിയിട്ടുള്ളതാണ്.

ജലവിതരണ വിഭാഗം ഓഫീസിനോ നഗരസഭയ്ക്കോ വാട്ടർ ബിൽ കുറച്ചു നൽകുവാനോ ഒഴിവാക്കി നൽകുവാനോ സാധിക്കാത്തതാണെന്നും, തുക ഗഡുക്കളായി അടവാക്കുന്നതിന് അനുമതിക്കായി ബഹു. മേയർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണെന്നുമാണ് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. പരാതിയിൽ പരാമർശിച്ചിരിക്കുന്ന കാലയളവിലെ വാട്ടർ ബില്ലിന് മുമ്പുള്ള കാലയളവിലും ശേഷമുള്ള കാലയളവിലും സാധാരണ നിരക്കിലുള്ള ബിൽ വരുകയും പ്രസ്തുത കാലയളവിൽ മാത്രം ബില്ലിൽ വലിയ തോതിലുള്ള വർദ്ധനവ് ഉണ്ടാകുകയും ചെയ്തതിന്റെ നിജസ്ഥിതി സംബന്ധിച്ച് ജില്ലാ സമിതി വിലയിരുത്തി. കോർപ്പറേഷൻ പ്ലംബർ സ്ഥലപരിശോധന നടത്തി വാട്ടർ മീറ്റർ സാധാരണ രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ അധികമായി വെള്ളം ഉപയോഗിച്ചിട്ടില്ല എന്ന് പരാതിക്കാൻ വാദം ഉന്നയിക്കുന്നതിനാൽ AIR PROBLEM ആകാം കാരണമെന്ന് അനുമാനിക്കാവുന്ന സാഹചര്യമാണ് നിലവിലുള്ളത്. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വാട്ടർസപ്ലൈ ബൈലോസ് & റെഗുലേഷൻസ് 2023 ലെ ഖണ്ഡിക 15 സി പ്രകാരം വാട്ടർ ചാർജ്ജിന്റെ കൃത്യതയെ സംബന്ധിച്ച പരാതികളിൽ വസ്തുതകൾ പരിശോധിച്ച ശേഷം മുനിസിപ്പൽ എഞ്ചിനീയർ അന്തിമ തീരുമാനം കൈകൊള്ളേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ തുടർന്നുവരുന്ന മൂന്ന് മാസത്തെ ശരാശരി കൂടി പരിശോധിച്ച് വെള്ളത്തിന്റെ ഉപഭോഗം സാധാരണരീതിയിൽ തന്നെയാണെങ്കിൽ പരാതിയിൽ പരാമർശിച്ചിരിക്കുന്ന കാലയളവിലെ ബില്ലിലെ പിശക് പരിശോധിച്ച് ബില്ലിൽ മാറ്റം വരുത്തുന്നതിനും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വാട്ടർസപ്ലൈ ബൈലോസ് & റെഗുലേഷൻസ് 2023 ലെ ഖണ്ഡിക 15 സി പ്രകാരം വാട്ടർ ചാർജ്ജിന്റെ കൃത്യതയെ സംബന്ധിച്ച ടി പരാതിയിൽ മേൽ വസ്തുതകൾ പരിശോധിച്ച ശേഷം അന്തിമ തീരുമാനം കൈകൊള്ളുന്നതിനും മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 3**
ശ്രീ. നാസർ എ എ, S/O അഹമ്മദുണ്ണി, NEDI NIVAS, ഒരുമനയൂർ പി. ഒ, ചാവക്കാട്, 680512 എന്നവരുടെ പരാതി. ( വസ്തു നികുതി സംബന്ധിച്ച്.)

**തീരുമാനം 3**
മേൽ പരാതി തൃശ്ശൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ടതാണ്. വസ്തുനികുതിയിലുണ്ടായ വർദ്ധനവ് സംബന്ധിച്ച പരാതിയാണ്. മേൽ വിഷയത്തിൽ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള 36/4130 നമ്പർ കെട്ടിടത്തിന് ആനുവൽ റെന്റൽ വാല്യുവിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06/03/2019 ലെ സ.ഉ (സാധാ) നമ്പർ 540/2019/തസ്വഭവ ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ 01.04.2016 മുതൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 100% വരെ നികുതി വർദ്ധനവ് വന്നിട്ടുള്ളതാണ്. കൂടാതെ 5 വർഷങ്ങൾക്ക് ശേഷം 01.04.2023 മുതൽ അടിസ്ഥാന നികുതിയുടെ 5% വർദ്ധനവ് കൂടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023 ലെ സ.ഉ നമ്പർ 77/2023/തസ്വഭവ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയതു പ്രകാരം ടി കെട്ടിടത്തിന്റെ നികുതി വർദ്ധിച്ചിട്ടുള്ളത് താഴെ പറയും പ്രകാരമാണ്.

| കാലയളവ് | വസ്തു നികുതി | LC (5%) | SC (10%) |
|---|---|---|---|
| 2015 2nd HALF വരെ (ARV) | 7584 | 380 | ----- |
| 2016 1st HALF **മുതൽ** | 14641 | 733 | 1465 |
| 2023 1st HALF **മുതൽ** | 15374 | 769 | 1538 |
| 2024 1st HALF **മുതൽ** | 16143 | 808 | 1615 |

2022-23 സാമ്പത്തികവർഷം വരെ ARV പ്രകാരമുള്ള നികുതിയാണ് പരാതിക്കാരൻ നഗരസഭയിൽ അടവാക്കിയിരുന്നത്. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 01.04.2016 മുതൽ വാർഷിക

നികുതി 7584/-രൂപയിൽ നിന്നും 14,641/-രൂപയായി വർദ്ധനവ് വരുത്തിയിട്ടുള്ളതും, ആയതു പ്രകാരം 2016 മുതൽ വസ്തു നികുതിയിലേക്ക് ഒടുക്കേണ്ടതായ വർദ്ധനവ് പ്രകാരമുള്ള ബാക്കി തുകയാണ് 2023-2024 ൽ ഈടാക്കിയിട്ടുള്ളത്. ടി കെട്ടിടത്തിന് അടവാക്കിയ നികുതി രസീതുകളെല്ലാം Receipt Entry നടത്തിയിട്ടുള്ളതും ബാക്കി തുകയായ 4880/-രൂപ 2024-25 സാമ്പത്തിക വർഷം അടവാക്കാനുള്ള 18566/-രൂപയിലേക്ക് വരവ് വെച്ചിട്ടുള്ളതും ആയതുപ്രകാരം ബാക്കി 13,686/-രൂപ അടവാക്കേണ്ടതുമാണ് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽസാഹചര്യത്തിൽ വസ്തു നികുതി വർദ്ധനവിൽ ഉണ്ടായ മാറ്റം സംബന്ധിച്ച വിവരങ്ങൾ പരാതിക്കാരനെ ബോധ്യപ്പെടുത്തുന്നതിനും, നികുതി വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വിശദവും വ്യക്തവുമായ മറുപടി പരാതിക്കാരന് നൽകുന്നതിനും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**യോഗ നടപടികൾ 12.00 pm ന് അവസാനിച്ചു.**

കൺവീനർ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

ചെയർമാൻ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

തൃശ്ശൂർ
പിൻ-680003